**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4669** **19-03-2025 - ൽ മറുപടിയ്ക്ക്**

**എ.സി.കനാലിനെ നദിയുമായി സംയോജിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിള്‍ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എ.സി. കനാൽ നെടുമുടിവരെ നീട്ടി നദിയുമായി സംയോജിപ്പിക്കുവാനുള്ള സ്വാമിനാഥന്‍ കമ്മീഷന്റെ ശിപാർശ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | എ.സി കനാൽ നവീകരണം സംബന്ധിച്ച് 2007-ൽ എം.എസ് സ്വാമിനാഥന്‍ ഫൗണ്ടേഷൻ വിശദമായ ഒരു പഠനം നടത്തിയിട്ടുണ്ട്. ഒന്നാംകര മുതൽ പള്ളാത്തുരുത്തി വരെയുള്ള കനാൽ ഭാഗത്തെ സമീപവാസികൾ വസിക്കുന്ന ഭൂമി റവന്യൂ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് കയ്യേറ്റങ്ങൾ തടഞ്ഞും കൂടാതെ പുനരധിവാസം നടത്തികൊണ്ട് നിലം നികത്തൽ നീക്കിക്കൊണ്ടും പാടശേഖരത്തിന് ഉള്ളിൽ താമസിക്കുന്ന ആളുകളുടെ സഞ്ചാരസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് മനയ്ക്കച്ചിറ മുതൽ പള്ളാത്തുരുത്തി വരെ കനാൽ തുറന്നു കൊണ്ട് പ്രളയജലം ഒഴുക്കി വിടാൻ കഴിയും എന്ന് സ്വാമിനാഥന്‍ കമ്മീഷന്റെ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.<br><br>20.33 കിലോമീറ്റർ നീളമുള്ള എ.സി കനാലിന്റെ മനക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള 11.78 മീറ്റർ നീളമുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ മങ്കൊമ്പ് ഒന്നാംകര മുതൽ പള്ളാത്തുരുത്തി വരെ തുറക്കുന്നത് കൊണ്ട് കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിവാരണത്തിന് കാര്യമായ പ്രയോജനം ലഭിക്കില്ല എന്ന് ഐ.ഐ.ടി സംഘത്തിന്റെ പഠനത്തിൽ വിലയിരുത്തിയിട്ടുണ്ടെങ്കിലും കനാലിന്റെ രണ്ടാം ഘട്ടമായ ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗത്തെ കയ്യേറ്റങ്ങൾ എല്ലാം ഒഴിപ്പിച്ച് കനാലിന്റെ ആഴവും വീതിയും പുനസ്ഥാപിച്ച് ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നത് വഴി സമീപ പാടശേഖരങ്ങളിലെ കാർഷികോല്പാദനത്തിന്റെ അഭിവൃദ്ധിക്ക് പ്രയോജനപ്പെടുത്തുവാനും വേണ്ടി എ.സി കനാൽ രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി ഒന്നാംകര മുതൽ നെടുമുടി വരെയുള്ള 3.42 കിലോമീറ്റർ ഭാഗം ഉൾപ്പെടുത്തി 170 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ |

| | | | |
|---|---|---|---|
| | | | ലഭിച്ചിരുന്നു. ആയതിൽ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. നെടുമുടി മുതൽ പള്ളാത്തുരുത്തി വരെയുള്ള 5.13 കിലോമീറ്റർ നീളമുള്ള മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ വിശദമായ പഠനത്തിനു ശേഷം മാത്രം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ